# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1129** — **08/02/2013 ൽ മറുപടിക്ക്**

## സ്കൂളുകൾക്ക് എയ്ഡഡ് പദവി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ:<br>ശ്രീ. ഇ.പി.ജയരാജൻ:<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ:<br>ശ്രീ. എ.പ്രദീപ്കുമാർ: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; എത്ര സ്കൂളുകൾ എയ്ഡഡ് പദവിക്കായി അപേക്ഷിച്ചിട്ടുണ്ട്; അവയിൽ പ്രവർത്തിച്ചുവരുന്നവ എത്ര; | എ) സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈകൊണ്ടിട്ടില്ല. |
| ബി) കേന്ദ്ര സർക്കാരിന്റെ മേഖലാ തീവ്ര വികസന പരിപാടി (ഏര്യാ ഇന്റൻസീവ് ഡെവലപ്മെന്റ് പ്രോഗ്രാം) അനുസരിച്ച് ആരംഭിച്ച് പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ സർക്കാരിന് ഉദ്ദേശമുണ്ടോ; ഇക്കാര്യം മന്ത്രിസഭ ചർച്ച ചെയ്യുകയുണ്ടായോ; തീരുമാനം വെളിപ്പെടുത്താമോ; | ബി) കേന്ദ്ര സർക്കാരിന്റെ മേഖലാ തീവ്ര വികസന പരിപാടി അനുസരിച്ച് ആരംഭിച്ച് പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന വിഷയം പരിശോധിച്ചു വരികയാണ്. |
| സി) പ്രസ്തുത സ്കൂളുകൾ ഏറ്റെടുക്കാൻ 2012 ജൂൺ 13-ന് മന്ത്രിസഭ തീരുമാനിക്കുകയും വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി ഇക്കാര്യം വെളിപ്പെടുത്തുകയും ചെയ്തിരുന്നുവോ; | സി) ചെയ്തിരുന്നു. |
| ഡി) സ്കൂളുകൾ ആരംഭിക്കാൻ കെട്ടിട നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടായിരുന്നുവോ; | ഡി) വൺടൈം ഗ്രാന്റ് ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | സർക്കാർ ശമ്പളം നൽകി വരുന്ന സാഹചര്യത്തിൽ ഈ സ്കൂളുകൾ എത്രയും വേഗം ഏറ്റെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്കൂളുകളിലെ ഒഴിവുകളിലേക്കുള്ള പുതിയ നിയമനങ്ങൾ ആര് നടത്തും എന്ന് വ്യക്തമാക്കാമോ; | ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ